## Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

# കുടുംബസിനഡ് ഭാരതസഭയ്ക്ക് ഉണർവേകും: കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി & മാർ ബസേലിയോസ് ക്ലീമിസ് ബാവാ



റോമിൽ സമാപിച്ച കുടുംബങ്ങൾക്കുവേണ്ടിയുള്ള സിനഡ് ഭാരതസഭയ്ക്ക് ഉണർവേകുമെന്ന് ഭാരത കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കത്തോലിക്കാബാവ. ഭാരതസഭയിലും കുംടുബങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള കർമ്മപരിപാടികൾ ഉടൻ ആവിഷ്ക്കരിക്കുമെന്നും ബാവാ പറഞ്ഞു.

സംഘർഷത്തിലും സമ്മർദ്ദങ്ങളിലും കൂടെ കടന്നുപോകുന്ന കുടുംബങ്ങളെ കരുണയോടും സഹാനുഭൂതിയോടെയും മാത്രമേ സമീപിക്കാവൂ എന്ന നിലപാട് ശ്രദ്ധേയമായിരുന്നു. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ വിവാഹം വേർപെട്ടു ജീവിക്കുന്നവരും അതുപോലെയുള്ള സാഹചര്യങ്ങളിലുള്ളവരും മെത്രാന്റെ അജപാലന ശുശ്രൂഷയുടെ നന്മ പ്രതീക്ഷിച്ചു കഴിയുന്നവരാകയാൽ അനുഭാവത്തോടെ മാത്രമേ സഭയ്ക്ക് സമീപിക്കാനാവൂ. പുരുഷനും സ്ത്രീയും തമ്മിലുള്ള വിവാഹമാണ് സഭയുടെ അഗീകരിക്കപ്പെട്ട വിവാഹം; അതു മാത്രമേ വിവാഹമായി സഭ സ്വീകരിക്കുകയുള്ളുവെന്നത് സിനഡ് വ്യക്തമാക്കിയതായി ബാവ വ്യക്തമാക്കി. അവികസിത രാജ്യങ്ങളിലെ ദാരിദ്രത്തിന്റെ പശ്ചാതലത്തിൽ, സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ആവശ്യഘടകം എന്ന നിലയിൽ "സ്വവർഗ്ഗവിവാഹത്തെ" വിവാഹമായി അംഗീകരിക്കണമെന്ന ചില അന്തർദേശീയ സംഘടനകളുടെ നിബന്ധന അസ്വീകാര്യമാണെന്നും സിനഡ് ചൂണ്ടിക്കാട്ടി. മദ്ധ്യപൂർവ്വപ്രദേശത്തെ ക്ലേശമനുഭവിക്കുന്ന ക്രിസ്ത്യാനികൾക്ക് കേരള കത്തോലിക്കാ സഭയുടെ ഒരു പ്രത്യേക സഹായം കെ.സി.ബി.സി. ചെയർമാൻ കൂടിയായ മാർ ക്ലീമിസ് ബാവാ ഫ്രാൻസിസ് മാർപാപ്പായ്ക്ക് കൈമാറി. നിങ്ങളുടെ ബുദ്ധിമുട്ടുകൾക്കിടയിലും ഈ ക്ലേശമനുഭവിക്കുന്നവരും സഹായിക്കുവാൻ നിങ്ങൾ കാണിച്ച നല്ല മനസ്സിന് ഞാൻ നന്ദി പറയുന്നതിനായി ഫ്രാൻസിസ് മാർപാപ്പാ പ്രതികരിച്ചു.

ഒക്ടോബർ 25ന് ബെയ്റൂട്ടിൽ നടക്കുന്ന സുറിയാനി കത്തോലിക്കാ സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസിൽ പ്രത്യേക ക്ഷണമനുസരിച്ച് ഭാരതസഭയെ പ്രതിനിധീകരിച്ച് ബാവാ സംബന്ധിക്കുന്നതാണ്. പീഢനമനുഭവിക്കുന്ന ഒരു സഭയുടെ സുന്നഹദോസിനെ അഭിസംബോധന ചെയ്യുന്നത് ആത്മീയ അഭിഷേകമായി കാണുന്നുവെന്ന്

ബാവാ പറഞ്ഞു. 49 പേജുകളായി 94 പ്രമേയങ്ങളടങ്ങിയതും സിനഡിലെ ഔദ്യോഗിക അംഗങ്ങൾ വോട്ടു രേഖപ്പെടുത്തിയതുമായ സിനഡ് രേഖ ഫ്രാൻസിസ് മാർപാപ്പായ്ക്ക് സമർപ്പിച്ചതായി കർദിനാൾ പറഞ്ഞു. സിനഡ് സമർപ്പിച്ച രേഖ ഓരോ പ്രമേയവും പഠിച്ച് മാർപാപ്പ അപ്പസ്തോലിക പ്രബോധനരേഖ പ്രസിദ്ധീകരിക്കും.

## വിശ്വാസപരിശീലനത്തിൽ സഭ കൂടുതൽ ശ്രദ്ധിക്കണം: കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി

സിനഡിൽ ഉരുത്തിരിഞ്ഞ രണ്ട് പ്രധാനപ്പെട്ട ആശയങ്ങൾ അജപാലനപരമായ അനുധാവനവും വിവാഹ ഒരുക്ക പരിശീലനവുമാണെന്ന് സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. കുടുംബങ്ങളുടെ വിശ്വാസ, സന്മാർഗ്ഗ പരിശീലനത്തിൽ സഭ എപ്പോഴും ദത്തശ്രദ്ധയായിരിക്കണം. കുട്ടികൾ, കൗമാരപ്രായക്കാർ, യുവജനങ്ങൾ, വിവാഹാർത്ഥികൾ, മാതാപിതാക്കന്മാർ ഇങ്ങനെ എല്ലാ പ്രായത്തിലുമുള്ളവർക്കും അജപാലകർ ഉചിതമായ പരിശീലനം നൽകണമെന്ന് സിനഡ് നിർദ്ദേശിച്ചതായി കർദ്ദിനാൾ പറഞ്ഞു.

വിവാഹമോചനം നേടി വീണ്ടും വിവാഹം ചെയ്യുന്നവരെ സഭാസമൂഹത്തിൽ ചേർത്തുനിർത്തണമെന്നതാണ് സിനഡിന്റെ അഭിപ്രായം. അതിന് ഓരോ ഇണകളുടെ കാര്യത്തിലും അജപാലകന്മാർ അതാതു രൂപതകളിലെ മെത്രാന്മാരുടെ മാർഗ്ഗദർശനങ്ങൾ അനുസരിച്ച് പ്രവർത്തിക്കണമെന്ന ആശയമാണ് സിനഡ് മുന്നോട്ടു വച്ചത്. വിവാഹത്തിനുമുമ്പ് കൂടിതാമസിക്കുന്നവരെ അജപാലനസമീപനങ്ങൾവഴി വിവാഹമെന്ന കൂദാശയിലേക്ക് ആനയിക്കണമെന്നും നിർദേശമുണ്ട്. സിനഡിന്റെ തുടക്കത്തിനുശേഷമുള്ള രണ്ടാമത്തെ ഞായറാഴ്ച സെന്റ് പീറ്റേഴ്സ് സ്ക്വയറിൽവച്ച് പരിശുദ്ധ പിതാവ് ലൂയി മാർട്ടിൻ, സെലിഗ്വരിൻ ദമ്പതികളെ വിശുദ്ധ പദവിലേക്കുയർത്തി. ഇവർ വിശുദ്ധ കൊച്ചുത്രേസ്യായുടെ മാതാപിതാക്കളാണ്. ആദ്യമായാണ് ഒരു ദമ്പതികളെ ഒരുമിച്ച് വിശുദ്ധരായി നാമകരണം ചെയ്യുന്നത്. കുടുംബത്തെക്കുറിച്ചുള്ള സിനഡിന് മകുടം ചാർത്തിയ സംഭവമായിരുന്നു അത്.

സിനഡിന്റെ സമാപനസമ്മേളനത്തിനുമുമ്പായി അല്മായർക്കും കുടുംബത്തി നും വേണ്ടി ഉണ്ടായിരുന്ന പ്രത്യേക പൊന്തിഫിക്കൽ കൗൺസിലുകളെയും മനുഷ്യജീവനുവേണ്ടിയുള്ള അക്കാഡമിയെയും കൂട്ടിച്ചേർത്ത് ഫ്രാൻസിസ് പാപ്പാ പുതിയൊരു കാര്യാലയം രൂപവൽക്കരിക്കുമെന്ന് പ്രഖ്യാപിച്ചു. കേരളത്തിലും ഇന്ത്യയിലും ഇതുപോലെ കമ്മീഷൻസ് ഉണ്ടാക്കേണ്ടതാണ്.

തിരുക്കുടുംബത്തിന്റെ പിത്തളയിൽ ചെയ്ത ഒരു റിലീഫ് ചിത്രമാണ് പരിശുദ്ധ പിതാവ് സിനഡ് അംഗങ്ങൾക്ക് സമ്മാനിച്ചത്. ഇപ്രാവശ്യത്തെ സിനഡിന്റെ പ്രത്യേകതകളിലൊന്ന് ഏഴ് ഓർത്തഡോക്സ് സഭകളുടെ പ്രതിനിധികളും ആംഗ്ലിക്കൻ, ലൂഥറൻ, മെത്തഡിസ്റ്റ് സഭകളുടെ ഓരോ പ്രതിനിധിയും സൗഹൃദാംഗങ്ങളായി സംബന്ധിച്ചു എന്നതാണ്. സമ്മേളനത്തിനിടയിൽ വാഴ്ത്തപ്പെട്ട പോൾ ആറാമൻ പാപ്പാ സ്ഥാപിച്ച സിനഡിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ചുവെന്നതും പ്രസ്താവ യോഗ്യമാണ്.